(സി) പണി ഉപേക്ഷിച്ചുപോയ കരാറുകാരുടെ കാര്യത്തിലും റോഡുകളുടെ പുനർനിർമ്മാണത്തിനും എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ ;

(ഡി) 2015-16 വർഷത്തിൽ ഏതൊക്കെ റോഡുകളാണ് പി.എം.ജി.എസ്.വൈ. പ്രകാരം നിർമ്മിക്കാൻ ലക്ഷ്യമിട്ടിട്ടുള്ളത്, ഇതിനുള്ള പട്ടിക തയ്യാറാക്കിയിട്ടുണ്ടോ ; പകർപ്പ് ലഭ്യമാക്കുമോ?

ഉത്തരം

(എ) പി.എം.ജി.എസ്.വൈ. പദ്ധതി പ്രകാരം ഈ സർക്കാർ അധികാര മേറ്റെടുത്തശേഷം റാന്നി നിയോജകമണ്ഡലത്തിൽ 2011-12 മുതൽ 2014-2015 വരെ നിർമ്മിക്കാൻ ലക്ഷ്യമിട്ടിരുന്ന റോഡുകളുടെ വിശദാംശങ്ങൾ അനുബന്ധം I ആയി ചേർത്തിരിക്കുന്നു.*

(ബി) എല്ലാ റോഡുകളും വിവിധ ഘട്ടങ്ങളിലായി പുരോഗമിക്കുകയാണ്. കരാറുകാർ ഉപേക്ഷിച്ചുപോയ പ്രവൃത്തികളൊന്നും തന്നെയില്ല.

(സി) ബാധകമല്ല.

(ഡി) 2015-2016 വർഷത്തിൽ പി.എം.ജി.എസ്.വൈ. പ്രകാരം നിർമ്മിക്കാൻ ലക്ഷ്യമിട്ടിട്ടുള്ള റോഡുകളുടെ വിശദാംശം ചുവടെ ചേർക്കുന്നു :

നം.	ബ്ലോക്ക്	റോഡിന്റെ പേര്	നീളം കി.മീ.
1	റാന്നി	അറുവച്ചാൻകുഴി - എടകടത്തി - കുറുമ്പൻമൂഴി - മണ്ണടിശ്ശാല റോഡ് -	10.000
2	മല്ലപ്പള്ളി	അത്തിയാലിൽ- വായ്പൂർ റോഡ്	3.822

ഇന്ദിര ആവാസ് യോജനയ്ക്കായി വകയിരുത്തിയ തുക

18 (1386) ശ്രീ. കെ. സുരേഷ് കുറുപ്പ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഇന്ദിര ആവാസ്യോജന നടപ്പാക്കുന്നതിന് സംസ്ഥാന വിഹിതമായ തുക നൽകുന്നതിന് കഴിഞ്ഞ നാല് വർഷമായി എത്ര തുകയാണ് ബജറ്റിൽ വകയിരുത്തിയിരുന്നത് ; ഓരോ വർഷത്തേയും കണക്ക് വ്യക്തമാക്കാമോ ;

*ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(ബി) വകയിരുത്തിയ തുകയിൽ എത്ര അനുവദിച്ചു എന്നും അനുവദിച്ച വീടുകളുടെ എണ്ണം എത്രയായിരുന്നു എന്നും വ്യക്തമാക്കാമോ ;

(സി) കേന്ദ്ര സഹായമായി കഴിഞ്ഞ നാലു വർഷത്തിനുള്ളിൽ അനുവദിച്ച തുക, ചെലവഴിച്ച തുക എന്നിവ വിശദമാക്കാമോ ;

(ഡി) കേന്ദ്ര സഹായവും സംസ്ഥാന സഹായവും കുടിശ്ശികയായിട്ടുണ്ടോ : ഉണ്ടെങ്കിൽ എത്രയെന്ന് വ്യക്തമാക്കാമോ ?

ഉത്തരം

(എ) ഐ.എ.വൈ. പദ്ധതി നടപ്പാക്കുന്നതിനുള്ള സംസ്ഥാന വിഹിതമായി കഴിഞ്ഞ നാല് വർഷം ബഡ്ജറ്റിൽ വകയിരുത്തിയ തുക സംബന്ധിച്ച വിവരം താഴെപ്പറയുന്നു :

വർഷം	തുക (ലക്ഷത്തിൽ)
2011-12	6576
2012-13	8128
2013-14	8678
2014-15	10622.8
ആകെ	34004.8

(ബി)

വർഷം	അനുവദിച്ച തുക (ലക്ഷത്തിൽ)	അനുവദിച്ച വീടുകളുടെ എണ്ണം
2011-12	5822.25	54717
2012-13	5302.14	44902
2013-14	7542.01	42125
2014-15	5358.44	51261
ആകെ	24024.84	193005

LIBRARY ARCHIVES Kerala Legislative Assembly

(സി) അനുബന്ധമായി ചേർത്തിരിക്കുന്നു.*

(ഡി) 2014-15 വർഷത്തെ രണ്ടാം ഗഡു കേന്ദ്ര വിഹിതം കുടിശ്ശിക ആയിട്ടുണ്ട്. കേന്ദ്രവിഹിതത്തിൽ 16171.43 ലക്ഷം രൂപ ലഭിക്കാത്തതിനാൽ ആനുപാതിക സംസ്ഥാന വിഹിതമായ 5390.48 ലക്ഷം രൂപയും നൽകിയിട്ടില്ല.

'ജനശ്രീ'

19 (1387) ശ്രീ. എ. എം. ആരിഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരമേറ്റതിനുശേഷം 'ജനശ്രീ' ക്ക് അനുവദിച്ചിട്ടുള്ള സഹായങ്ങൾ എന്തൊക്കെയാണ് ;

(ബി) 'ജനശ്രീ'യിൽ ഈയിടെയുണ്ടായ തട്ടിപ്പിനെ സംബന്ധിച്ച വിവരം ലഭിച്ചിട്ടുണ്ടോ ; അതേക്കുറിച്ച് എന്തെങ്കിലും അന്വേഷണം നടത്തിയിട്ടുണ്ടോ ; വിശദാംശം അറിയിക്കുമോ ?

ഉത്തരം

(എ) ഈ സർക്കാർ അധികാരമേറ്റതിനുശേഷം 'ജനശ്രീ'ക്ക് പഞ്ചായത്ത് വകുപ്പ്, നഗരകാര്യ വകുപ്പ്, ഗ്രാമവികസന വകുപ്പ് എന്നിവ മുഖേന സഹായങ്ങൾ അനുവദിച്ചിട്ടില്ല.

(ബി) വെഞ്ഞാറമൂട് ജനശ്രീ മിഷനുമായി ബന്ധപ്പെട്ട് നടന്നതായി ആരോപിക്കപ്പെടുന്ന സാമ്പത്തിക തട്ടിപ്പിനെപ്പറ്റി ആഭ്യന്തര വകുപ്പ് അന്വേഷണം നടത്തിവരികയാണ്.

ഇന്ദിരാ ആവാസ് യോജന

20 (1388) ശ്രീ. ഷാഫി പറമ്പിൽ :
ശ്രീ. വർക്കല കഹാർ :
ശ്രീ. സി. പി. മുഹമ്മദ് :
ശ്രീ. സണ്ണി ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഇന്ദിരാ ആവാസ് യോജനയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ വിശദമാക്കുമോ ;

*ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly